കഥ.

# കുഞ്ഞുലോനച്ചൻെറ ചിരി.

ജോൺ ഇളമത.

ഒരിക്കൽ കുഞ്ഞുലോനച്ചൻ ഒരു ചിരി ചിരിച്ചു.ജീവിതത്തിലൊരിക്കലെങ്കിലും കുഞ്ഞുലോനച്ചൻ ചിരിച്ചതായി ആർക്കും ഒരറിവില്ല.സ്ഥായിയായ ഭാവം ഗൗരവം.ജനിച്ചു വീണതും ഗൗരവത്തോടെ,കരയാൻ പോലും മനസ്സില്ലായിരുന്നു എന്നാണ് അയാളുടെ അമ്മ പോലും പറഞ്ഞു കേട്ടിട്ടുള്ളത്.

ചിരി കണ്ടു ഭാര്യ ദീനമ്മ അന്തിച്ചു നിന്നു.എന്തോ സൂചന,നല്ലതോ, ചീത്തയോ?പക്ഷേ ദീനാമ്മക്ക് ചോദിക്കാൻ ഭയം.ഭർത്താവിന് മൂക്കിൻെറ തുമ്പത്താണ് ദേഷ്യം. ചോദ്യം പിടിച്ചില്ലേൽ,ചകിരി പോലെ പിണങ്ങും.നിർത്താതെ വിർബൽ അബ്യൂസ് ചെയ്യും ദിവസം മുഴുവൻ!ഫിസിക്കൽ അബ്യൂസ് നടത്താൻ അമേരിക്ക ആയതു കൊണ്ട് ഇഷ്ടനു പേടിയാ!ജയിലി പോകുമെന്ന പേടി!ദീനമ്മക്ക് ഭർത്തൃഭക്തി എത്ര ഉണ്ടന്നു പറഞ്ഞാലും,പെണ്ണല്ലേ എപ്പഴാ ആറ്റിറ്റൂഡ് മാറുന്നേന്ന് ആർക്കറിയാം.വിർബലാകുമ്പം തെളിവിലല്ലോ!

ദീനാമ്മേടെ അഭിപ്രായത്തി കുഞ്ഞുലോനച്ചൻ പഴഞ്ചനാണ്,പതിട്ടോം നൂറ്റാണ്ടി ജനിക്കേണ്ടവൻ.ചിന്തിച്ചിട്ടെന്തുകാര്യം,കഴുത്തേ മിന്നു വീണു തളച്ചില്ലേ!

കുഞ്ഞുലോനച്ചൻ,പിശുക്കനായി ജീവിച്ചു.പണം കൂട്ടിവെച്ചു.രണ്ടേ രണ്ടു ജോഡി ഡ്രസ്സുകളിൽ കൂടതൽ ആവശ്യമില്ലന്നായിരുന്നു അയാളുടെ പ്രമാണം.ദീനാമ്മക്ക് ഒരുങ്ങി നടക്കാൻ ഭ്രമമായിരുന്നു.ഡ്രസ്സുകൾ മാറി മാറി ധരിച്ചാൽ മനുഷൻ മാറുമോ എന്നായിരുന്നു അയാളുടെ ചോദ്യം.ങാ,കാറ് പഴയ ഒരു പിക്കപ്പ് വാൻ,എല്ലാ ഉപയോഗോം നടക്കും.ആരും കക്കുകയില്ല.മനുഷ്യ സംസർഗ്ഗം നന്നേ കുറവായിരുന്നു അയാൾക്ക്,പ്രത്യേകിച്ച് മല്ലൂസായ മലയാളീസിനോട്.അവരു വെട്ടിക്കും,എന്തെടപെട്ടാലും എന്നതായിരുന്നു അയാളുടെ അഭിപ്രായം.

ആകെയുള്ള അയാളുടെ ബലഹീനത,അതോ ദ്രവ്യാഗ്രഹമോ,എന്തുമാകാം, സ്റ്റോക്ക് ഗാംബ്ലിങ് ശീലം!.അതിലയാൾ വിദഗ്ദനായിരുന്നു.അതിൻെറ മുഴുവൻ ട്രിക്കും അയാൾ വശമാക്കിയിരുന്നു.ഒന്നു വെച്ചാൽ രണ്ടു കിട്ടണം.ഒന്നോ രണ്ടോ പ്രാവശ്യമേ അയാൾ തട്ടി പോയിട്ടുള്ളൂ എന്നാണ് ദീനമ്മേ ധിപ്പിച്ചിരുന്നത്.ങാ,ആർക്കറിയാം സത്യം!ഒന്നു വാസതവമുണ്ട്,ആ ഇനത്തിൽ കറേ സംമ്പാദിച്ചിട്ടൊണ്ട്.

എതായാലും,കുഞ്ഞുലോനച്ചൻെറ ചിരി ദീനാമ്മയുടെ ഉറക്കം കെടുത്തി. പല പ്രാവശ്യം ദീനാമ്മ അതേപ്പറ്റി ആരായാൻ ആഞ്ഞതാണ്.ചിലപ്പോൾ കേൾക്കേണ്ടി വരുന്ന തെറിയുടെ ആഴം ഓർത്തു വേണ്ടന്നു വെച്ചു.അങ്ങനെയിരിക്കെ,കുഞ്ഞുലോനച്ചൻ തന്നെ ആ ചിരിയുടെ രഹസ്യം വെളിപ്പെടുത്തി.

വളരെ സർക്കാസ്റ്റിക്കായി ദീനാമ്മയോട് ഓതി:

അറിഞ്ഞോ,നിൻെറ ആങ്ങളേടെ മുഴുവൻ പണോം പോയി പാപ്പരടിച്ചു. അവനങ്ങനെ വരണം!

എങ്ങനെ? ദീനാമ്മ വേവലാതിപ്പെട്ടു.

സ്റ്റോക്കേ മുഴുവൻ നിക്ഷേപിച്ചു.അത്യാർത്ഥിക്കാരൻ!വീടേന്ന് ലോണെടുത്ത വൻ തുക ഉൾപ്പടെ.ബാങ്ക്,വീട് ജെപ്തി ചെയ്യാമ്പോണു!അല്ലേലും താണോണ്ടിരിക്കുന്നേൻെറ മേലോട്ട് ഒള്ളതും,കടോം വാങ്ങി വല്ല മണ്ടമ്മാരും വെക്കുമോ!എൻെറ സത്രീധന തൊക,നിൻെറ അപ്പൻ മരിക്കും മുമ്പ് കരുതിയിട്ടതിൻെറ പകുതീം അവനടിച്ചോണ്ടു പോയില്ലേ!

ദീനാമ്മ നെഞ്ചത്തു കൈവെച്ചു,ദു:ഖാർത്തയായി മൊഴിഞ്ഞു:

അല്ലേലും നിങ്ങളൊരു ദുഷ്ടനാ,കണ്ണി ചോര ഇല്ലാത്തോൻ!സ്ത്രീധനം അവൻ പകുതി അടിച്ചെടുത്തേ കണക്കായിപോയി!ഞാം മനസ്സു തൊറന്നിട്ടല്ലേ,നിങ്ങളതറിഞ്ഞത്...ദീനാമ്മ പതംപെറുക്കി!

ദീനാമ്മ ഓർത്തു:

കാര്യം ശരിയാ,ആങ്ങള വെട്ടിപ്പുകാരനാ....എന്നുവെച്ച് ആങ്ങള അല്ലാതാകുമോ!അപ്പൻ മരിക്കും മമ്പ് തനിക്ക് സ്ത്രീധനത്തിന് കരുതിയേന്ന് പകുതി തട്ടിഎടുത്ത താ.തൊക മുഴുവൻ കൊടുത്തിരുന്നേ ഒന്നാം തരം ഒരാലോചന വന്നതുറപ്പിക്കാമായിരുന്നു.ഒരു ദന്തഡോക്ടർ!തൊക കൊറഞ്ഞപ്പം കിട്ടിയത് പിശുക്കനായ ഒരു ഹോമിയോ ഡോക്ടറെ.

ഇവിടെ വല്ലോം അതിനു സ്ക്കോപ്പൊണ്ടോ!കറേക്കാലം പെട്രോ പമ്പി ജോലി ചെയ്തു.പിന്നെ റിയലെസ്റ്റേറ്റ് കോഴ്സെടുത്തു.ബിസനസ്സ് ബൂം ചെയ്തപ്പം അതേ കുറേ കാശൊണ്ടാക്കി.അതിട്ടാ സ്റ്റോക്കെന്ന ഗാംബ്ലിംഗ്!അല്ലാ,ഇതൊക്കെ ഓർത്തിട്ടെന്തു കാര്യം!വരാനൊള്ളത് വഴീ തങ്ങുമോ!

എങ്കിലും സ്വന്തക്കാർക്ക് ഒരത്യാപത്തു വരുമ്പം ഇങ്ങനേം മനുഷ്യരൊണ്ടോ! എന്തായാലും,അളിയനല്ലേ,സഹായിക്കാനൊള്ളേനു പകരം സന്തോഷിച്ചു പകരം വീട്ടുന്നു.

ദു:ഖം കൊണ്ട്,ദീനാമ്മ പറഞ്ഞു പോയി:

നമ്മുക്കവനെ ഒന്നു സഹായിച്ചാലോ!..

പോടീ,ചൂലേ,എൻെറ വായീ ഇരിക്കുന്നതു കേക്കണ്ടാങ്കി,ഒന്നു മിണ്ടാണ്ടിരി..

ദുഷ്ടൻ!

ആരാടീ ദുഷ്ടൻ! നിൻെറ, ആങ്ങള ..........ആ പരമനാറി...ഞാം ബാക്കി പറേണോ, എൻെറ നാക്ക് ചൊറിഞ്ഞു വരുന്നു

അതുകേട്ട്,ദീനാമ്മ രണ്ടു ചെവീം പൊത്തി.പോത്തിനോട് വേദമോദീട്ടെന്തു ഗതി!

ദീനാമ്മ,പിന്നെ ഒന്നും മിണ്ടിയതേ ഇല്ല.അവളുടെ ബുദ്ധി മറ്റൊരു വഴിക്കു പോയി.കുഞ്ഞുലോനച്ചൻ,ബേസ്മൻറിലെ കൂൾറൂമിൽ കുറേ പണം ആരുമറിയാതെ കുഴിച്ചിട്ടിരുന്ന കാര്യം ദീനാമ്മ ഓർത്തു.റിയലെസ്റ്റേറ്റ്,മോശമായി വന്നപ്പോൾ കിട്ടിയ തുകയിട്ട്,കുഞ്ഞുലോനച്ചൻ രഹസ്യമായി മറ്റൊരു കളികളിച്ചത്,അവളോർത്തു.അന്യായ പലിശക്കു കടം കൊടുക്കൽ!അതീന്നു സംബാദിച്ച പലിശ ആയിരിക്കാം,കണക്കും മറ്റും കാണില്ല!

കുഞ്ഞുലോനച്ചന്,സ്റ്റോക്ക് ഗാംബ്ളിഗ് കൂടാതെ മറ്റൊരു കൊച്ചു ദുശ്ശീലം കൂടിയുണ്ട്.വൈകിട്ട് അത്താഴത്തിനു മുമ്പ്,രണ്ടു ബിയറു കുടിക്കണം.അതിനൊരു ചരിത്രമുണ്ട്. ഇടക്ക് കിഡ്നി സ്റ്റോണിൻെറ അസുഖം വന്നപ്പം,ഒരു ഡോക്ടർ പറഞ്ഞു കൊടുത്ത സൂത്ര മാണ്.സ്റ്റോൺ പോയി കഴിഞ്ഞിട്ടും,അതൊരു ശീലമായി അയാളോടൊപ്പം ചേർന്നു.

ദീനാമ്മ ആ നിധി കണ്ടെത്തിയത്,ഈജിപ്റ്റിലെ ബാലഫറവോ,ടൂട്ടാൻ കാമൂണിൻെറ ജഡം,പുരാവസതു ഗവേഷകനായ ഹാവാർഡ് കാർട്ടർ കണ്ടെത്തിയ പോലെ തന്നെ!തികച്ചും യാദർഛികം!അതു വിസ്മയത്തിൻെറ ലോകത്തേക്കുള്ള വഴിയായിരുന്നു.

ഒരു ദിവസം ദീനാമ്മ,ഏതോ നിമിത്തം പോലെ അതു ശ്രദ്ധിച്ചു.കൂൾറൂമി ൻെറ ഒരു മൂലയിൽ കുറേ ബിയർ കുപ്പികൾ കൂട്ടിയിട്ടിരിക്കുന്നു.എന്നാൽ വല്ലപ്പോഴുമൊക്കെ ഇത്,ബിയറുകടയിൽ തന്നെ കൊടുത്ത് പത്ത് സെൻറ് നിരക്കിൽ ഭർത്താവ് അതിൻെറ ചില്ലറയും കൈപ്പറ്റാറുണ്ട്.എന്നാൽ ഈ ബിയർ കുപ്പികൾ മാത്രം ഒരിക്കലും മാറ്റികണ്ടിട്ടില്ല.ആകാംഷ കൊ ണ്ട് കുപ്പി പെറുക്കി മാറ്റിയപ്പോൾ,സമചതുരാകൃതിയിൽ പൊക്കിമാറ്റാവുന്ന ചെറിയ പലക.പലക പൊക്കി മാറ്റി.അരയടി താഴ്ച്ചയിലൊരറ.അതിൽ ഒരു ചാക്കു സഞ്ചി.സഞ്ചി പുറത്തെടുത്ത് നില ത്തേക്ക് കുടഞ്ഞിട്ടു.കെട്ടു കെട്ടുകളായി ഡോളർ,ആയിരം,അഞ്ഞൂറ്,നൂറ്,അമ്പത്,ഇരുപത്,ആയിരത്തീന്നും ,അഞ്ഞൂറീന്നും കുറേ വലിച്ചെടുത്തു ഇട്ടിരുന്ന ഉടുപ്പിൻെറ പോക്കറ്റിൽ തിരുകി.ഒരു പരീക്ഷണം.എണ്ണമുണ്ടേൽ അന്വേഷിക്കട്ടെ,അപ്പോ തെറി കേട്ടാലും തിരികെ കൊടുക്കാം.ദുഷ്ഠൻ! മുതൽ ഉറുമ്പരിക്കാതെ കൂൾറൂമിൽ പൂഴ്ത്തിയിരിക്കുന്നു: അവൾ പിറുപിറുത്തു.വേഗം എല്ലാം പഴയപടിയിലാക്കി മുകളിൽ കുപ്പി കൂട്ടിയിട്ടു.

ദീനാമ്മ എണ്ണി നോക്കി.നല്ലൊരു തുക,മുപ്പത്തയ്യായിരം ഡോളർ!ദീനാമ്മ ഒരു നല്ല കള്ളിയെ പോലെ കാത്തിരുന്നു.മാസങ്ങൾ കടന്നു,വർഷമൊന്നാകുന്നു.കുഞ്ഞുലോനച്ച നിൽ നിന്ന് അന്വഷണമുണ്ടായില്ല.എണ്ണമില്ലാത്ത ധനം!ഇവിടെ ഇരിക്കട്ടെ,എമർജൻസിക്കൊരു ഡിപ്പോസ്സിറ്റ്!

ഈ തുക,കുഞ്ഞുലോനച്ചനറിയാതെ,ആങ്ങളക്കു കൊടുത്ത് ഹെൽപ്പ് ചെയ്യാൻ ദീനാമ്മ ഉറച്ചിരിക്കെ,കുഞ്ഞുലോനച്ചൻ അന്ന് ആദ്യമായി കരഞ്ഞു,കണ്ണീർ പ്രവാഹം! ശബ്ദരഹിതമായി ഏങ്ങലടിച്ച്!

ദീനാമ്മയുടെ ഉള്ളുകാളി,അവൾ നിനച്ച് ഇപ്പോ കളി വെളിച്ചത്താകും.ഭൂതം കാത്ത പൊന്നുപോലെ വെച്ച നിധി!ആങ്ങളെ സഹായിക്കാൻ ഉറപ്പിച്ച നിധി!ചോദിച്ചാ,കള്ളം പറയാമ്പറ്റു മോ?തെറി കേട്ടാലും തെറ്റു സമ്മതിച്ച് തിരികെ കൊടുക്കണം!

എല്ലാം പേയടീ,ദീനാമ്മേ! കുഞ്ഞുലോനച്ചൻ തേങ്ങി.

എന്താ പോയേ! ദീനാമ്മ പരിഭ്രമിച്ചു!

എനിക്കല്ലടീ,ആ ദുഷ്ഠന്,നിൻറാങ്ങളക്ക്!

ആങ്ങളക്കോ? ദീനാമ്മ കരച്ചിലിൻെറ വക്കത്തെത്തി.

പോയതല്ലടീ,കിട്ടീ ആ ദുഷ്ടന്,ലോട്ടറി അടിച്ച്,മപ്പതു മില്ല്യൺ ഡോളർ!ഞാനെങ്ങനെ സഹിക്കുമെടീ,എൻെറ ചങ്കു പൊട്ടുന്നു!

അപ്പോ ദീനാമ്മ,മതിമറന്ന്,അട്ടഹസിച്ചുപൊട്ടച്ചിരിച്ചു:

നിങ്ങളാ,ദുഷ്ടൻ,പരമദുഷ്ടൻ!ഉണ്ടാക്കിയതനുഭവിക്കാത്ത പരമദുഷ്ടൻ!!